**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3113 23/03/2015-ൽ മറുപടിയ്ക്ക്

## സമഗ്ര നാളികേര വികസന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ**<br>**,, വി.റ്റി.ബൽറാം**<br>**,, എം.പി.വിൻസെന്റ്**<br>**,, ലൂഡി ലൂയിസ്** | **ശ്രീ . കെ.പി.മോഹനൻ**<br>**(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) ക്ലസ്റ്റർ അടിസ്ഥാനത്തിൽ സമഗ്ര നാളികേര വികസന പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ; | എ) ക്ലസ്റ്റർ അടിസ്ഥാനത്തിൽ സമഗ്ര നാളികേര വികസനത്തിനായി 2014-15 വർഷം "കേരഗ്രാമം" പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ജൈവ കാർഷിക ജില്ലയായ കാസറഗോഡ് ഒഴികെയുളള 13 ജില്ലകളിൽ പദ്ധതി നടപ്പിലാക്കി വരുന്നു. നിയോജക മണ്ഡലത്തിൽ തെരഞ്ഞെടുക്കുന്ന പഞ്ചായത്തുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. |
| ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കാമോ; | ബി) സംയോജിത വിള പരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിന് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. തടം തുറക്കൽ, തൊണ്ട് അടുക്കൽ, കമ്മായം, മഗ്നീഷ്യം സൾഫേറ്റ്, ജൈവവളം, രാസവളം, ജീവാണുവളം, സസ്യ സംരക്ഷണ വസ്തുക്കൾ, ഇടവിള കൃഷി, രോഗബാധിതമായി ഉല്പാദനക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റുന്നതിനും പുതിയ തൈകൾ നടുന്നതിനുമായി ഹെക്ടറിന് 25000/ രൂപ ക്രമത്തിൽ ഒരു യൂണിറ്റിന് 125 ലക്ഷം രൂപ |

സഹായം നല്കുന്നതാണ്. കർഷകർക്ക് തെങ്ങുകയറ്റ യന്ത്രങ്ങൾ 2000/- രൂപ സബ്സിഡി നിരക്കിൽ ഒരു പഞ്ചായത്തിൽ 20 മുതൽ 50 എണ്ണം വരെ എന്ന ക്രമത്തിൽ 1,00,000/- രൂപ വരെ അനുവദിക്കുന്നതാണ്. ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി ഹെക്ടറിന് 25,000/- രൂപ നിരക്കിൽ ഒരു പഞ്ചായത്തിൽ 100 ഹെക്ടറിലേയ്ക്കായി 25 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കുന്നതാണ്. ഒരു പഞ്ചായത്തിൽ ഒരു തെങ്ങിൻ തൈ നഴ്സറി സ്ഥാപിക്കുന്നതിനായി 50,000/- രൂപയുടെ സഹായം ലഭ്യമാക്കുന്നതാണ്. ജൈവ വളത്തിന്റെ ലഭ്യത ഉറപ്പാക്കുന്നതിനായി 5 മുതൽ 50 കമ്പോസ്റ്റ് യൂണിറ്റുകൾ വീതം ഒരു പഞ്ചായത്തിൽ നടപ്പിലാക്കുന്നതാണ്. ഇതിനായി യൂണിറ്റ് ഒന്നിന് 10,000/- രൂപ നിരക്കിൽ പരമാവധി 5,00,000/- രൂപ ധനസഹായം നല്കുന്നതാണ്. പദ്ധതി പ്രവർത്തന ചെലവുകൾക്കായി കൃഷി ഭവനുകൾക്കും കേര സൊസൈറ്റികൾക്കും തുക വകയിരുത്തിയിട്ടുണ്ട്.

സി) പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നവർ ആരെല്ലാമാണെന്ന് വിശദമാക്കുമോ ;

സി) കൃഷി വകുപ്പിന്റെ പ്രസ്തുത പദ്ധതിയുമായി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ, കാർഷിക ഗവേഷണ കേന്ദ്രങ്ങൾ, അഗ്രോ സർവ്വീസ് സെന്ററുകൾ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി / കാർഷിക കർമ്മസേന അംഗങ്ങൾ, സർവ്വീസ് സഹകരണ സംഘങ്ങൾ എന്നിവരാണ് സഹകരിക്കുന്നത്.

| | |
|---|---|
| ഡി) എത്ര ഹെക്ടർ സ്ഥലത്ത് പ്രസ്തുത പദ്ധതി നടപ്പാക്കിയിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ ? | ഡി) ഒരു കേരഗ്രാമത്തിന് 500 ഹെക്ടർ എന്ന കണക്കിൽ 26 പഞ്ചായത്തുകളിലായാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചതെങ്കിലും നാളികേര കൃഷി വിസ്തൃതി കുറഞ്ഞ പഞ്ചായത്തുകളിൽ തൊട്ടടുത്ത പഞ്ചായത്തുകളെ കൂടി ഉൾപ്പെടുത്തി ആകെ 43 പഞ്ചായത്തുകളിലായി പദ്ധതി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ